(സി) സ്കൂൾ തലത്തിൽ പഠിപ്പിക്കേണ്ടുന്ന 67 ഇനം പുസ്തകങ്ങളുടെ വില മേൽകാരണങ്ങളാൽ വർദ്ധിപ്പിക്കുകയുണ്ടായി.

(ഡി, ഇ) പത്താം ക്ലാസ്സിലെ പാഠപുസ്തകങ്ങളുടെ 1985-86, 1986-87 എന്നീ വർഷങ്ങളിലെ വില ചുവടെ ചേർക്കുന്നു.

പാഠപുസ്തകങ്ങളുടെ പേര്	1985-86 രൂ.	പൈസ	1986-87 രൂ.	പൈസ
1. മലയാളം റീഡർ	3	10	3	40
2. ഇംഗ്ലീഷ് റീഡർ	3	00	3	30
3. ഹിന്ദി റീഡർ	2	40	2	70
4. മലയാളം ഉപപാഠപുസ്തകം	2	20	2	60
5. ഇംഗ്ലീഷ് ഉപപാഠപുസ്തകം	3	50	4	40
6. ഹിന്ദി ഉപപാഠപുസ്തകം	1	10	1	60
7. രസതന്ത്രം	2	20	4	40
8. ഊർജ്ജതന്ത്രം	2	20	4	80
9. ജീവശാസ്ത്രം	2	80	4	60
10. ആരോഗ്യശാസ്ത്രം (പുതിയത്)	..		3	20
11. ഭൂമിശാസ്ത്രം (പുതിയത്)	2	20	4	40
12. ഭാരതവും ലോകവും (പുതിയത്)	..		6	90
13. സാമ്പത്തിക രാഷ്ട്രീയ ശാസ്ത്രം	2	90	4	80
14. കണക്ക്	3	50	3	80
ആകെ	31	70	60	90

ടെക്നിക്കൽ ഹൈസ്കൂളുകൾ

* 504 [536] ശ്രീ. പി. സീതിഹാജി:
,, എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. പി. രാമൻ:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം പുതുതായി ടെക്നിക്കൽ ഹൈസ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം;

(സി) എവിടെയെല്ലാം?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly